**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7909 — 23.07.2012-ൽ മറുപടിയ്ക്ക്

**<u>തിരുവല്ലയിലെ കെ.എസ്.ആർ.ടി.സി.ബസ് സ്റ്റേഷൻ കം ഷോപ്പിംഗ് കോംപ്ലക്സ്</u>**

| **ചോദ്യം**<br>ശ്രീ.മാത്യു.റ്റി തോമസ് | **മറുപടി**<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|
| (എ) തിരുവല്ലയിലെ കെ.എസ്.ആർ.ടി.സി.ബസ് സ്റ്റേഷൻ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ആരുടെ പേരിലാണ് പരാതി ലഭിച്ചിരിക്കുന്നത്; | (എ) പരാതി ലഭിച്ചിട്ടുണ്ട്. കേരള യൂത്ത് ഫ്രണ്ട് (എം) പത്തനംതിട്ട ജില്ലാ കമ്മിറ്റിക്കു വേണ്ടി പത്തനംതിട്ട ജില്ലാ പ്രസിഡന്റ് സമിജു ജേക്കബ്ബിന്റെ പേരിലാണ് പരാതി ലഭിച്ചത്. |
| (ബി) പ്രസ്തുത പരാതിയിന്മേൽ വിജിലൻസ് അന്വേഷണം നടത്തുന്നുണ്ടോ; | (ബി) പ്രസ്തുത പരാതിയിന്മേൽ ഒരു സത്വരാന്വേഷണം നടന്നു വരുന്നു. |
| (സി) പരാതിക്കാരനായ സിജു ജേക്കബ് താൻ പരാതി അയച്ചിട്ടില്ല എന്ന് വിജിലൻസ് ഉദ്യോഗസ്ഥർക്ക് മൊഴി നൽകിയിട്ടുണ്ടോ; | (സി) പരാതിക്കാരനായ സമിജു ജേക്കബ് താൻ ഇത്തരത്തിൽ ഒരു പരാതി അയച്ചിട്ടില്ല എന്ന് വിജിലൻസ് ഉദ്യോഗസ്ഥർക്ക് മൊഴി നൽകിയിട്ടുണ്ട്. |
| (ഡി) ഇപ്രകാരം മൊഴി നൽകിയതിനുശേഷം പ്രസ്തുത പരാതിയിന്മേൽ അന്വേഷണം തുടരുന്നുണ്ടോയെന്നറിയിക്കുമോ? | (ഡി) പ്രസ്തുത പരാതിയിന്മേൽ അന്വേഷണം തുടരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ